# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. റ്റി. 1675 — 06-03-2017-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| ശ്രീ. കെ. കൃഷ്ണൻകുട്ടി | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിൽപ്പെട്ട ഉപഭോക്താക്കൾക്ക് സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കാൻ അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ്, സമാന ഭവനനിർമ്മാണ പദ്ധതിയായ ഐ.എ.വൈ. വായ്പയ്ക്ക് ബാധകമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സ.ഉ.(എം.എസ്) നം. 90/13/ത.സ്വ.ഭ.വ തീയതി 14-03-2013 പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം ഇ.എം.എസ്. ഭവന പദ്ധതിയുടെയും, ഐ.എ.വൈ ഭവന പദ്ധതിയിലേയും ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിലുള്ള ആനുകൂല്യം നൽകുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നിർദ്ധനരായ കുടുംബങ്ങൾക്ക് ഏറെ ദോഷകരമായ പ്രസ്തുത നയം, ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലേതിന് തുല്യമാക്കി വായ്പയ്ക്ക് പ്രാപ്തരാക്കാനുള്ള ഉത്തരവിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ബാധകമല്ല |
| (സി) | ഐ.എ.വൈ.പദ്ധതിയിലെ ഗുണഭോക്താക്കളെ പ്രസ്തുത വിഷയത്തിൽ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്ദിര ആവാസ് യോജന പദ്ധതിയിലെ ഗുണഭോക്താക്കളെ സഹായിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾ വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ അധിക ധനസഹായമായി 400 കോടി രൂപ അനുവദിക്കുകയും ടി തുകയും ഇന്ദിര ആവാസ് യോജനയുടെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ